REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 18-08-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- കൊൽക്കത്ത മെഡിക്കൽ കോളജിൽ യുവ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ ഇടപെടൽ ആവശ്യപ്പെട്ട് IMA പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു.
- രാജ്യത്ത് മങ്കിപോക്സ് വ്യാപനസാധ്യത കുറവാണെന്ന് ആരോഗ്യമന്ത്രാലയം.
- ആഗോള വികസനത്തിന് ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി നിർമല സീതാരാമൻ.
- വയനാട് ദുരന്തം നേരിട്ട വിദ്യാർത്ഥികൾക്ക് ബദൽ സൗകര്യങ്ങളൊരുക്കാൻ നടപടിയെടുത്തതായി മന്ത്രി V ശിവൻകുട്ടി.
- സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

## വാർത്തകൾ വിശദമായി

കൊൽക്കത്ത RG കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ യുവ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ ഇടപെടൽ ആവശ്യപ്പെട്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. ആരോഗ്യ പ്രവർത്തകർക്കെതിരായ അതിക്രമങ്ങൾ തടയാൻ കേന്ദ്ര നിയമം കൊണ്ടുവരണമെന്ന് അവർ ആവശ്യപ്പെട്ടു. വിമാനത്താവളങ്ങൾക്ക് തുല്യമായ സുരക്ഷാ പ്രോട്ടോക്കോളുകൾ ആശുപത്രികൾക്കും

ബാധകമാക്കണമെന്നും, ആശുപത്രികളെ സുരക്ഷിത മേഖലയായി പ്രഖ്യാപിക്കണമെന്നും കത്തിൽ ഉന്നയിച്ചിട്ടുണ്ട്. മരിച്ച ഡോക്ടറുടെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണമെന്നും ഡോക്ടർമാർക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കണമെന്നും IMA ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

യുവ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ രാജ്യത്തുടനീളം ഡോക്ടർമാരുടെ വിവിധ അസോസിയേഷനുകളുടെ നേതൃത്വത്തിൽ പ്രതിഷേധം തുടരുന്നു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഇന്നലെ 24 മണിക്കൂർ പണിമുടക്കിന് ആഹ്വാനം ചെയ്തതിനെത്തുടർന്ന് മിക്ക ആശുപത്രികളിലും സേവനങ്ങൾ തടസ്സപ്പെട്ടു. അടിയന്തര ശസ്ത്രക്രിയകൾ മാത്രമാണ് നടന്നത്. വിവിധ രാഷ്ട്രീയ പാർട്ടികളും സംഭവത്തിൽ പ്രതിഷേധിച്ചു. കൊൽക്കത്തയിലെ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സന്ദീപ് ഘോഷിനെ ഇന്നലെ CBI ചോദ്യം ചെയ്തിരുന്നു.

✪✪✪

രാജ്യത്ത് മങ്കിപോക്സ് വ്യാപനത്തിന് സാധ്യത വളരെ കുറവാണെന്ന് ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന ആരോഗ്യമന്ത്രാലത്തിന്റെ അവലോകനയോഗം വിലയിരുത്തി. ലോകാരോഗ്യസംഘടന മങ്കിപോക്സിനെ ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നമായി പ്രഖ്യാപിച്ച സാഹചര്യത്തിലാണ് കേന്ദ്രമന്ത്രി JP നദ്ദയുടെ അധ്യക്ഷതയിൽ അവലോകനയോഗം ചേർന്നത്. രോഗസാധ്യത കുറവാണെങ്കിലും പ്രതിരോധ പരിപാടികൾ ശക്തിപ്പെടുത്താൻ യോഗം തീരുമാനിച്ചു.

✪✪✪

BJP യുടെ അംഗത്വവിതരണ യജ്ഞം സെപ്തംബർ ഒന്നിന് ആരംഭിക്കുമെന്ന് BJP വക്താവ് സംബിത് പത്ര ന്യൂഡൽഹിയിൽ അറിയിച്ചു. പാർട്ടിയുടെ അടിസ്ഥാനം ശക്തിപ്പെടുത്താനും, ആശയങ്ങൾ പ്രചരിപ്പിക്കാനും പത്തു കോടി ആളുകളെ BJP യിൽ അംഗങ്ങളാക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സംസ്ഥാനങ്ങളിൽ അതു കഴിഞ്ഞായിരിക്കും അംഗത്വ വിതരണം. ഇന്നലെ ഡൽഹിയിൽ ചേർന്ന BJP ദേശീയ ഭാരവാഹികളുടെ യോഗത്തിലാണ് അംഗത്വ വിതരണ പരിപാടിയുടെ വിശദാംശങ്ങൾ

ചർച്ച ചെയ്തത്. പാർട്ടി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ JP നദ്ദ, കേന്ദ്രമന്ത്രി അമിത്ഷാ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

അഴിമതിയിൽ മുങ്ങിയ പാർട്ടിയാണ് കോൺഗ്രസെന്ന് BJP ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ JP നദ്ദ സാമൂഹ്യ മാധ്യമപോസ്റ്റിൽ കുറ്റപ്പെടുത്തി. നാഷണൽ ഹെറാൾഡ് കേസ് മുതൽ മൈസൂരു നഗര വികസന അതോറിറ്റി കേസു വരെ നീളുന്ന കോൺഗ്രസിന്റെ അഴിമതിചരിത്രം ഇതിന് പ്രകടമായ തെളിവാണെന്ന് നദ്ദ വിലയിരുത്തി. കർണാടക മുഖ്യമന്ത്രിക്കെതിരെ പ്രോസിക്യൂഷൻ അനുമതി നൽകിയ ഗവർണറുടെ നടപടിയെ വിമർശിച്ചതിലൂടെ കോൺഗ്രസിന്റെ യഥാർത്ഥ നയം പുറത്തു വന്നിരിക്കുകയാണ്. ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും രക്ഷകനെന്ന് അവകാശപ്പെടുന്ന കോൺഗ്രസിന്റെ ഒരു മുഖ്യമന്ത്രി ദളിത് കുടുംബത്തിന്റെ ഭൂമി തട്ടിയെടുക്കാൻ ശ്രമിച്ചുവെന്നും നദ്ദ കുറ്റപ്പെടുത്തി.

✪✪✪

ആഗോള വികസനം രൂപപ്പെടുത്തുന്നതിൽ ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയിലെ ധനമന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. പങ്കാളിത്ത രാജ്യങ്ങൾ തുടർച്ചയായ സഹകരണത്തിലൂടെ പരിശ്രമങ്ങൾ ശക്തിപ്പെടുത്തണമെന്നും, അതുവഴി മികച്ച ഫലങ്ങളിൽ എത്തണമെന്നും നിർമ്മലാ സീതീരാമൻ ആഹ്വാനം ചെയ്തു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പല വികസ്വരരാഷ്ട്രങ്ങളും മന്ദഗതിയിലാണെന്നും ചില സൂചികകളുടെ കാര്യത്തിൽ പിന്നിലാണെന്നും ഈയിടെ പുറത്തുവന്ന റിപ്പോർട്ടിൽ പറയുന്നു. ഇത് സാമ്പത്തിക വളർച്ചയ്ക്കും വികസനലക്ഷ്യങ്ങൾക്കും വെല്ലുവിളിയാണെന്ന് നിർമല സീതാരാമൻ പറഞ്ഞു.

✪✪✪

ഇന്ത്യ വെർച്വലായി സംഘടിപ്പിച്ച മൂന്നാമത് വോയ്സ് ഓഫ് ദി ഗ്ലോബൽ സൗത്ത് ഉച്ചകോടിയിൽ ഭക്ഷ്യമേഖല, ആരോഗ്യം, ഊർജസുരക്ഷ തുടങ്ങിയ സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്തതായി വിദേശകാര്യമന്ത്രി ഡോ. S ജയ്ശങ്കർ പറഞ്ഞു. ഉച്ചകോടിയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഐക്യരാഷ്ട്രസഭയുടെ പരിഷ്ക്കരണമെന്ന പൊതുവികാരം വർധിച്ചുവരികയാണെന്നും ഡോ. ജയശങ്കർ അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ത്യൻ സമ്പദ് മേഖലയ്ക്കും കർഷകരുടെ ഉപജീവനത്തിനും നിർണായകമായ കാലിവളർത്തൽ മേഖലയെ കുളമ്പുരോഗ മുക്തമാക്കേണ്ടത് അനിവാര്യനടപടിയാണെന്ന് കേന്ദ്രമൃഗസംരക്ഷണ മന്ത്രി രാജീവ് രഞ്ജൻ സിംഗ് വ്യക്തമാക്കി. 2030 ഓടെ ഇന്ത്യയെ പ്രതിരോധ കുത്തിവെപ്പിലൂടെ കുളമ്പുരോഗ വിമുക്തമാക്കുന്ന പദ്ധതി അവലോകനയോഗത്തിൽ ഡൽഹിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രതിരോധ കുത്തിവെപ്പ് പരിപാടി ഊർജ്ജിതമായി പുരോഗമിക്കുന്നുണ്ടെന്നും, ക്ഷീരമേഖലയ്ക്കും കയറ്റുമതിയ്ക്കും, കർഷകരുടെ ഉപജീവനത്തിനും ഇത് ശക്തമായ പിന്തുണയാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

പ്രശസ്ത ഗായിക P സുശീലയെ വൃക്കസംബന്ധമായ രോഗബാധയെ തുടർന്ന് ചെന്നൈയിൽ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 88 കാരിയായ സുശീലയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രികേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ ദുരിതാശ്വാസ -പുനരധിവാസ പ്രവർത്തനങ്ങൾ ഊർജിതമായി പുരോഗമിക്കുന്നു. ഉരുൾപൊട്ടലിൽ തകർന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ബദൽ സൗകര്യമൊരുക്കാൻ നടപടിയെടുത്തതായി മന്ത്രി V. ശിവൻകുട്ടി കോഴിക്കട്ട് അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്.

.....(വോയ്സ്) ......

വയനാട്ടിലെ ഉരുൾപൊട്ടലിൽ തകർന്ന വെള്ളാർമല, വൊക്കേഷണൽ ഹയർ സെക്കണ്ടറി, മുണ്ടക്കൈ ഗവൺമെന്റ് LP സ്കൂൾ എന്നിവിടങ്ങളിലെ 614 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യം ഒരുക്കാൻ നടപടിയെടുത്തതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. മേപ്പാടി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലും, മേപ്പാടി

ഗ്രാമപഞ്ചായത്തിന്റെ APJ ഹാളിലും ആയിരിക്കും അധിക സൗകര്യങ്ങളൊരുക്കുന്നത്.

പ്രാഥമിക കണക്കുപ്രകാരം ഉരുൾപ്പൊട്ടലിൽ 36 കുട്ടികൾ മരിക്കുകയും, 17 കുട്ടികളെ കാണാതാവുകയും ചെയ്തിട്ടുണ്ട്.

രണ്ട് സ്കൂളുകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു.

ഉരുൾപൊട്ടലിൽ മണ്ണിലും ചെളിയിലും പെട്ട നോട്ടുകൾ മാറിനൽകുന്നതിന് നാളെ മുതൽ 23 വരെ പ്രത്യേക ക്യാമ്പ് നടത്തും. സ്റ്റേറ്റ് ബാങ്കിന്റെ കോട്ടപ്പടി ശാഖയിലാണ് നോട്ടുകൾ മാറിക്കൊടുക്കുന്നത്. 'അതിവേഗം, അതിജീവനം' പരിപാടിയുടെ ഭാഗമായാണ് ക്യാമ്പ്.

നഷ്ടപ്പെട്ട വാഹനങ്ങളുടെ വിവരം ശേഖരിക്കാൻ മോട്ടോർവാഹന വകുപ്പ് നടപടി തുടങ്ങി. നഷ്ടപ്പെട്ട വാഹനങ്ങൾ, ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ എന്നിവയുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്. വാഹന നമ്പർ, ഉടമയുടെ വിവരങ്ങൾ തുടങ്ങിയവ അറിയുന്നവർ കല്പറ്റ RTO ഓഫീസുമായി ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു.

വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കായി ഇന്നും തെരച്ചിൽ തുടരും. മുണ്ടക്കൈ, ചൂരൽമല ഭാഗങ്ങളിലും സൂചിപ്പാറ-ചാലിയാറിന്റെ തീരത്തും ഇന്ന് പരിശോധന ഉണ്ടായിരിക്കും. 119 പേരെയാണ് ഇനി കണ്ടെത്താനുള്ളത്.

✪✪✪

ഒളിമ്പിക്സിൽ രണ്ട് മെഡൽ നേടി കായിക കേരളത്തിന്റെ അഭിമാനമായി മാറിയ P.R ശ്രീജേഷിനെ അടുത്ത ശനിയാഴ്ച തിരുവനന്തപുരത്ത് പ്രത്യേകമായി അനുമോദിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി അറിയിച്ചു. ജക്കാർത്ത ഏഷ്യൻഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച മുഹമ്മദ് അനസ്, കുഞ്ഞു മുഹമ്മദ്, P.U ചിത്ര, V.K വിസ്മയ, V. നീന എന്നിവർക്ക് ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് സ്പോർട്സ് ഓർഗനൈസർ നിയമന ഉത്തരവ് കൈമാറുമെന്നും മന്ത്രി കോഴിക്കോട്ടു പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത മുൻനിർത്തി കോഴിക്കോട്, ഇടുക്കി, കോട്ടയം ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന്

ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്, തൃശൂർ ഒഴികെ മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാരത്തിനും ഖനന പ്രവർത്തനങ്ങൾക്കും ജില്ലാകളക്ടർ വിലക്കേർപ്പെടുത്തി. കടലോര- മലയോര മേഖലകളിലേക്ക് അവശ്യസർവീസുകൾ ഒഴികെ ഗതാഗതവും, ക്വാറിയിങ്, മൈനിങ് പ്രവർത്തനങ്ങളുമാണ് നിരോധിച്ചത്.

✪✪✪

മണിമലയാറിലെയും അച്ചൻകോവിലാറിലെയും ജലനിരപ്പ് അപകടകരമായി ഉയർന്ന സാഹചര്യത്തിൽ പരിസരവാസികൾ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം നൽകി. ആവശ്യമെങ്കിൽ പ്രളയസാധ്യതാ മേഖലയിൽ നിന്ന് മാറിത്താമസിക്കാൻ ആളുകൾ തയ്യാറാകണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

തമിഴ്നാട്ടിൽ ഒരാഴ്ച കൂടി വ്യാപക മഴ ഉണ്ടാകുമെന്ന് കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പു നൽകി. കന്യാകുമാരിയും തൂത്തുക്കുടിയും ഉൾപ്പെടെ പത്തു ജില്ലകളിൽ സാമാന്യം ശക്തമായ മഴയുണ്ടാകുമെന്നാണ് വിലയിരുത്തൽ. ചെന്നൈ, കാഞ്ചീപുരം, തിരുവള്ളൂർ ജില്ലകളിൽ ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്. ബുധനാഴ്ച വരെ കടലിൽ പോകരുതെന്ന് മീൻപിടുത്തക്കാർക്കും നിർദ്ദേശം നൽകി.

✪✪✪

ശബരിമലയിലെ ഭസ്മക്കുളം പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിന് സ്ഥാനനിർണയം അല്പസമയത്തിനകം നടത്തും. വാസ്തുശാസ്ത്ര വിജ്ഞാന കേന്ദ്രം അധ്യക്ഷൻ K മുരളീധരനാണ് സ്ഥാനനിർണയം നടത്തുന്നത്. ഉച്ചയ്ക്ക് 12നും പന്ത്രണ്ടരയ്ക്കുമിടയിൽ ഭസ്മക്കുളത്തിന്റെ തറക്കല്ലിടലും നടത്തും.

✪✪✪

വേളാങ്കണ്ണി പെരുന്നാളിനോടനുബന്ധിച്ച് തിരുവനന്തപുരം - വേളാങ്കണ്ണി - തിരുവനന്തപുരം റൂട്ടിൽ പ്രത്യേക ട്രെയിൻ സർവീസ് ഏർപ്പെടുത്തിയതായി ദക്ഷിണറെയിൽവേ അറിയിച്ചു. തിരുവനന്തപുരത്തുനിന്ന് വേളാങ്കണ്ണിയിലേക്ക് ഈമാസം 21, 28, അടുത്തമാസം നാല്, തിയതികളിൽ മൂന്ന് സർവീസുകൾ ഉണ്ടായിരിക്കും. തൊട്ടടുത്ത ദിവസങ്ങളിൽ മടക്ക സർവീസുകളും നടത്തും.

✪✪✪

കണ്ണൂർ പഴയങ്ങാടി റെയിൽവേ അടിപാതയ്ക്ക് പദ്ധതിരേഖ തയ്യാറാക്കാൻ സംസ്ഥാന ഗവൺമെന്റ് എട്ട് ലക്ഷം രൂപ റെയിൽവേയ്ക്ക് അനുവദിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. സംസ്ഥാന ബജറ്റിൽ അടിപ്പാതയ്ക്കായി ആറ് കോടി രൂപ നേരത്തെ അനുവദിച്ചിരുന്നു.

✪✪✪

ദേശീയപാതയിൽ കണ്ണൂർ തോട്ടടയിൽ സ്വകാര്യബസ്സും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. കാസർഗോഡ് ബേക്കൽ സ്വദേശി ശ്രീനിവാസനാണ് മരിച്ചത്. നാലു പേർക്ക് പരിക്കേറ്റു

✪✪✪

ദേശീയ റേഡിയോ ദിനത്തോടനുബന്ധിച്ച് മറ്റന്നാൾ കോഴിക്കോട് ഗുജറാത്തി സ്ട്രീറ്റിലെ ഗുദാം ആർട്ട് കഫേയിൽ റേഡിയോ കലാപ്രവർത്തകരുടെ സംഗമം സംഘടിപ്പിക്കും. വിവിധ കാലഘട്ടങ്ങളിലെ റേഡിയോകളുടെ പ്രദർശനവും ഇതോടൊപ്പമുണ്ടായിരിക്കും.

✪✪✪